**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .84 | 28-11-2018 -ൽ മറുപടിക്ക്

## പ്രളയവുമായി ബന്ധപ്പെട്ട ദുരിതാശ്വാസ പ്രവർത്തനങ്ങളും പുനർനിർമ്മാണവും

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എസ്.ശർമ്മ**<br>**ശ്രീ.സജി ചെറിയാൻ**<br>**ശ്രീ. എസ്.രാജേന്ദ്രൻ**<br>**ശ്രീ. ജോർജ് എം. തോമസ്** | | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| എ) | സംസ്ഥാനത്തെ പ്രളയവുമായി ബന്ധപ്പെട്ട ദുരിതാശ്വാസ പ്രവർത്തനങ്ങളും പുനർനിർമ്മാണ പ്രവർത്തനങ്ങളും സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ; | എ) & ബി) | പ്രളയ ദുരന്ത ബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി സംസ്ഥാനത്താകെ 5645 ദുരിതാശ്വാസ ക്യാമ്പുകളാണ് പ്രവർത്തിച്ചത്. ദുരിതാശ്വാസ ക്യാമ്പിൽ കഴിഞ്ഞവരാണോ അല്ലയോ എന്ന പരിഗണന ഇല്ലാതെതന്നെ 48 മണിക്കൂറിലധികം വെള്ളം കെട്ടിനിന്ന എല്ലാ കുടുംബങ്ങൾക്കും 10,000 രൂപ വീതം അനുവദിച്ചു. 6,80,000 (ആറുലക്ഷത്തി എൺപതിനായിരം) പേർക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചത്.<br>മരണമടഞ്ഞ 435 പേരുടെ ആശ്രിതർക്കാണ് നാലു ലക്ഷം രൂപ വീതം അനുവദിച്ചത്. അതിൽ അനന്തരാവകാശ രേഖകൾ സമർപ്പിച്ച 389 കുടുംബങ്ങൾക്കായി 15.56 കോടി രൂപ നൽകിയിട്ടുണ്ട്.<br>ദുരിതാശ്വാസ ക്യാമ്പിൽ കഴിഞ്ഞവരാണോ അല്ലയോ എന്ന പരിഗണന ഇല്ലാതെതന്നെ 48 മണിക്കൂറിലധികം വെള്ളം കെട്ടിനിന്ന എല്ലാ കുടുംബങ്ങൾക്കും 10,000 രൂപ വീതം അനുവദിച്ചു. 6,80,000 (ആറുലക്ഷത്തി എൺപതിനായിരം) പേർക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചത്.<br>500 രൂപ വില വരുന്ന ഭക്ഷ്യവസ്തുക്കളുടെ കിറ്റ് ദുരിതാശ്വാസ ക്യാമ്പിൽനിന്ന് മടങ്ങുമ്പോൾ ലഭ്യമാക്കിയിരുന്നു. ഇതിനു പുറമെ, ഡിസംബർ 31 വരെ ദുരന്തബാധിതരായ പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്കും, സ്ത്രീകൾ മാത്രമുള്ള കുടുംബങ്ങൾക്കും ഭക്ഷ്യവസ്തുക്കളുടെ കിറ്റ് നൽകി വരുന്നു. 23.11.2018 വരെ 3,26,048 കുടുംബങ്ങൾക്കായി 16.30 കോടി രൂപ വിലവരുന്ന കിറ്റുകൾ വിതരണം ചെയ്തു.<br>പൂർണ്ണമായും തകർന്നതോ 75 ശതമാനത്തിലധികം നാശനഷ്ടം സംഭവിച്ചതോ ആയ വാസയോഗ്യമല്ലാത്ത വീടുകൾക്ക്, |
| ബി) | പുനർനിർമ്മാണത്തിനുള്ള നയപരിപാടികൾക്ക് രൂപം നൽകുന്നതിനും അവയിൽ പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുമായി എന്തെല്ലാം മാർഗ്ഗങ്ങളാണ് അവലംബിച്ചിട്ടുള്ളത്; | | |

| | | | |
|---|---|---|---|
| | | | സ്വന്തമായി വീട് നിർമ്മിച്ചുകൊള്ളാമെന്ന വ്യവസ്ഥയിൽ നാലുലക്ഷം രൂപ വീതം നൽകാനാണ് വ്യവസ്ഥ ചെയ്തത്. അതിൽ 4635 കുടുംബങ്ങൾക്ക് ആദ്യ ഗഡു നൽകിക്കഴിഞ്ഞു. ഇതിന് പുറമെ ഭാഗികമായി വീട് തകർന്ന 1956 കുടുംബങ്ങൾക്ക് ആദ്യ ഗഡു നൽകി. ആകെ 39 കോടി രൂപയാണ് രണ്ടും ചേർത്ത് നൽകിയത്.<br>കൃഷിയും കന്നുകാലി വളർത്തലും ഉപജീവനമാർഗമായി കഴിഞ്ഞ നിരവധിപേരെ സഹായി ക്കുന്നതിന് സന്നദ്ധ സംഘടനകൾ മുന്നോട്ടുവന്നു. ദുരന്ത പ്രതികരണ നിധിയിൽ നിന്ന് ഇതിനകം 49 കോടി രൂപ സഹായം നൽകി.<br>ജീവനോപാധി നഷ്ടപ്പെട്ട വർക്ക് RKLS (Resurgent Kerala Loans Scheme) സഹായപദ്ധതി, കുടുംബശ്രീ മുഖേന ഒരുലക്ഷം രൂപ വരെ വായ്പ ലഭ്യമാക്കുകയുണ്ടായി. ഈ വായ്പയുടെ 9% പലിശ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് നൽകും. ഇതുവരെ 38,441 പേർക്ക് 308.8 കോടി രൂപ അനുവദിച്ചു.<br>പ്രളയത്തിൽ രേഖകൾ നഷ്ടപ്പെട്ടവർക്ക് സമയ ബന്ധിതമായി, സൗജന്യമായി രേഖകൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചു.<br>ശുചീകരണ പ്രവർത്ത നത്തിൽ സമാനതകളില്ലാത്ത പങ്കാളിത്തമാണ് ബഹുജനങ്ങ ളിൽനിന്നും സംഘടനകളിൽനിന്നും ഉണ്ടായത്. സർക്കാർ സംവിധാ നങ്ങളുടെ സഹായത്തോടെ ഇവ പൂർത്തിയാക്കാൻ കഴിഞ്ഞു. ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് വാർഡൊന്നിന് 25,000 രൂപയും മുനിസിപ്പാലിറ്റി/കോർപ്പറേഷൻ വാർഡൊന്നിന് 50,000 രൂപയും അനുവദിച്ചു.<br>പ്ലാന്റേഷൻ മേഖലയിൽ തൊഴിലുകളിൽ കുറവുണ്ടായത് കണക്കിലെടുത്ത് മുഴുവൻ തോട്ടം തൊഴിലാളികൾക്കും സൗജന്യ റേഷൻ ലഭ്യമാക്കി. മുൻഗണനേതര വിഭാഗങ്ങൾക്ക് ഡിസംബർ വരെ സൗജന്യമായി അഞ്ചു കിലോ അരി നൽകുവാൻ തീരുമാനിച്ചു.<br>പ്രളയാനന്തര ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും 564.94 കോടി രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് 688.48 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.<br>നവകേരള നിർമ്മാണത്തിനായി ശാസ്ത്രീയമായ പഠനങ്ങളുടെയും പ്രവാസികളുൾപ്പെടെ പുതിയ നിർമ്മാണ |

| | | | |
|---|---|---|---|
| | | | സാങ്കേതികവിദ്യകളിൽ അറിവും പരിചയവും അനുഭവവും ഉള്ളവരുടെയെല്ലാം അഭിപ്രായങ്ങൾ കൂടി പരിഗണിച്ചായിരിക്കും പുനർനിർമ്മാണം നടത്തുക. ഇത്തരത്തി ലൊരു സമഗ്ര സമീപനം സ്വീകരിക്കുമ്പോൾ തന്നെ ആദ്യ ഘട്ടത്തിൽ ആസ്തികളുടെ പ്രയോഗക്ഷമത ഉറപ്പുവരുത്താൻ ആവശ്യമായ അറ്റകുറ്റപ്പണികളും അതിനായുള്ള നിക്ഷേപവും നടത്തേണ്ടതുണ്ട്. ആസൂത്രണത്തിലും നിർമ്മാണത്തിലും വേഗതയും കാര്യക്ഷമതയും ലക്ഷ്യംവയ്ക്കുന്ന പ്രസ്തുത പദ്ധതി കേരള പുനർനിർമ്മാണ പദ്ധതി (Rebuild Kerala Initiative) എന്ന പേരിലാണ് അറിയപ്പെടുന്നത്. പ്രളയം പോലുള്ള പ്രകൃതിദുരന്തങ്ങളിൽ തകർന്നുപോകാത്ത പ്രകൃതിക്കനുയോജ്യമായ നിർമ്മാണ പ്രവർത്തനങ്ങളാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. മന്ത്രിസഭയുടെ നേരിട്ടുള്ള മേൽനോട്ടത്തിലും നിരീക്ഷണത്തി ലുമാണ്, കേരള പുനർനിർമ്മാണ പദ്ധതി (RKI) നടപ്പാക്കപ്പെടുക. മുഖ്യമന്ത്രി ചെയർമാനും, ബഹു. പ്രതിപക്ഷ നേതാവ്, മുഖ്യമന്ത്രി നാമനിർദ്ദേശം നൽകുന്ന മന്ത്രിമാർ, സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ, ഭരണ പരിചയസമ്പന്നരായ പ്രമുഖ വ്യക്തികൾ, ഒരു യുവ സംരംഭകൻ, വിവിധ വിഷയമേഖലകളിലെ അഭിജ്ഞരായ വ്യക്തികൾ തുടങ്ങിയവരൊക്കെ അടങ്ങുന്ന ഉപദേശക സമിതിയാണ് കേരള പുനർനിർമ്മാണ പദ്ധതിക്കുവേണ്ടി രൂപീകരിച്ചിട്ടുള്ളത്. ചീഫ് സെക്രട്ടറിയാണ് ഉപദേശക സമിതിയുടെ മെമ്പർ സെക്രട്ടറി. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും വിവിധ വകുപ്പ് സെക്രട്ടറിമാർ അംഗങ്ങളുമായുള്ള ഉന്നതതല അധികാര സമിതിയാണ് കേരള പുനർനിർമ്മാണ പദ്ധതിക്ക് ഉണ്ടാവുക. |
| സി) | പുനർനിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ കണ്ടെത്തുന്നതിനും പ്രളയ ദുരന്തത്തിൽ ഉപജീവന മാർഗ്ഗം നഷ്ടപ്പെട്ട ജനങ്ങൾക്ക് ജീവനോപാധികൾ ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത് ;വ്യക്തമാക്കാമോ; | സി) | ജീവനോപാധികൾ തിരിച്ച് പിടിക്കാനായി Resurgent Kerala Loan Scheme (RKLS) എന്ന സഹായ പദ്ധതി രൂപീകരിച്ച് ഒരു ലക്ഷം രൂപ വരെ വായ്പ നൽകാൻ നടപടി സ്വീകരിക്കുകയും കുടുംബശ്രീയെ ചുമതല ഏൽപ്പിക്കുകയും ചെയ്തു. വായ്പയുടെ പലിശ (9%) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നൽകാനും തീരുമാനിച്ചു.<br>ദുരന്ത ബാധിത മേഖലയിലെ MSME സ്ഥാപനങ്ങളുടെ നാശനഷ്ട ആഘാതം ലഘൂകരിക്കുന്നതിന് നിലവിലെ കടം പുന:ക്രമീകരിക്കുകയും പ്രവർത്തനം പുനരാരംഭിക്കുവാൻ പുതിയതായി കടം നൽകുവാനും കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പുനർനിർമ്മാണത്തിനായി പാരിസ്ഥിതിക സംരക്ഷണത്തെ പ്രധാനമായി കണ്ടുകൊണ്ട് വിഭവ ഉപയോഗത്തിൽ മിതത്വം പുലർത്തും. കാര്യക്ഷമതയുള്ള സാങ്കേതികവിദ്യകളിലേക്കും നിർവ്വഹണ രീതികളിലേക്കും മാറുന്നതിനുള്ള അവസരമായി ഈ സാഹചര്യത്തെ പ്രയോജനപ്പെടുത്തുന്ന സമീപനമുണ്ടാകും. ചില നിർമ്മാണ വസ്തുക്കൾക്ക് ആവശ്യമായ പ്രാഥമിക ചെലവ് ഉയർന്നതാകാം. എന്നാൽ തേയ്മാനമില്ലാതെ നിലനിൽക്കുക വഴി ദീർഘകാലാടിസ്ഥാനത്തിൽ അത് കൂടുതൽ ലാഭകരമായിരിക്കും. അതിലൂടെ നിർമ്മാണങ്ങളുടെ ദീർഘകാല നിലനിൽപ്പ ഉറപ്പുവരുത്താനും കഴിയും. കൂടുതലായി ചിലവഴിക്കപ്പെടുന്ന തുക അതുകൊണ്ട്തന്നെ അധികമായിത്തീരുകയുമില്ല. ആധുനികവും നൂതനവുമായ സാങ്കേതികവിദ്യകളുടെ ഉപയോഗം ഈ പദ്ധതിയുടെ എറ്റവും പ്രധാനമായ സവിശേഷതയായിരിക്കും. |
| ഡി) | വികസന പ്രവർത്തനങ്ങളിൽ പ്രവാസി മലയാളികളെ പങ്കാളികളാക്കുന്നതിനായി ലോക കേരളസഭ മുഖേന എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ? | ഡി) | കേരളത്തിലുണ്ടായ പ്രളയവുമായി ബന്ധപ്പെട്ട് ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും പുനർ നിർമ്മാണത്തിനുമായി പ്രവാസി മലയാളികളെ ഏകോപിപ്പിക്കുന്നതിന് ലോക കേരള സഭാംഗങ്ങൾ മഹത്തരമായ പ്രവർത്തനം കാഴ്ച വച്ചിട്ടുണ്ട്. വിവിധ രാജ്യങ്ങളിലെയും ഇതര സംസ്ഥാനങ്ങളിലെയും ലോക കേരള സഭാംഗങ്ങൾ എല്ലാ മലയാളി സംഘടനകളെയും വ്യക്തികളെയും സ്ഥാപനങ്ങളെയും പരമാവധി ഏകോപിപ്പിച്ച് ദുരിതാശ്വാസ തുടർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേയ്ക്ക് തുക സമാഹരിക്കുകയും അവശ്യവസ്തുക്കൾ ശേഖരിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ, നവകേരള നിർമ്മിതിക്കായി ഫണ്ട് ശേഖരിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ ലോക കേരള സഭാംഗങ്ങൾ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ